# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തുമ്പമൺ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി11/1170/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 12/12/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തുമ്പമൺ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.റ്റി.എ.പി11/1170/2022 തീയ്യതി: 12/12/2022

## പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-03-2022 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 18-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 18-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ റ്റി അനിൽ കുമാർ, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ)
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി സ്മിത റ്റി, സീനിയർ ഗ്രേഡ് ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. റോണി സഖറിയ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. റമോള എം | സെക്രട്ടറി | 01-04-2021 | 31-05-2021 |
| ശ്രീ.ഗോപകുമാർ ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2021 | 21-06-2021 |
| ശ്രീ. പ്രശാന്ത് എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-06-2021 | 01-07-2021 |
| ശ്രീ. ഷാജു പി എ | സെക്രട്ടറി | 02-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബികാസ് എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജിജി ജഗൽനാഥൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ ബിജു പിള്ള റ്റി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി ധന്യ കെ | ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ മഞ്ജു ജി എൽ | മെഡിക്കൽ ഓഫീസർ (ആയൂർവ്വേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി. ശ്രീദേവി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ചന്ദ്രലേഖ എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. മേഘ എം ജി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രാജശ്രീ ആർ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ഡോ. ശ്രീകല എസ്. | മെഡിക്കൽ ഓഫീസർ , പി.എച്ച്.സി. | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം | 1-10 |
| 11 | പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ആശങ്കാജനകം | 1-11 |
| 12 | കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യ നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല | 1-12 |
| 13 | ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നില്ല. | 1-13 |
| 14 | റീട്ടെയിൽ റേഷൻ ഡിപ്പോകളുടെ ലൈസൻസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല. | 1-14 |
| 15 | പ്രവർത്തന രഹിതമായ പൊതുടാപ്പുകൾക്കും വെള്ളക്കരം ഒടുക്കുന്നു | 1-15 |
| 16 | കോടികൾ ചെലവഴിച്ച് ആരംഭിച്ച മുഴക്കോട്ട് ചാൽ ഇക്കോ ടൂറിസം പദ്ധതി ത്രിശങ്കുവിൽ | 1-16 |
| 17 | സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ഇഴയുന്നു | 1-17 |
| 18 | പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു | 1-18 |
| 19 | ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തു മുറയ്ക്ക് പെൻഷൻ റദ്ദ് ചെയ്തില്ല | 1-19 |
| 20 | കോവിഡ് പ്രതിരോധ മരുന്ന് വിതരണം ചെയ്യാതെ സ്റ്റോക്കിൽ കെട്ടി കിടക്കുന്നു | 1-20 |
| 21 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ | 1-21 |
| 22 | സംസ്കരിക്കാൻ മാലിന്യവുമില്ല, പരിപാലിക്കാൻ ചുമതലക്കാരുമില്ല; എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് ഉപേക്ഷിച്ച നിലയിൽ | 1-22 |
| 23 | ഉപയോഗശൂന്യമായ മെതിയന്ത്രം ലേലം ചെയ്ത് കൈയ്യൊഴിച്ചില്ല | 1-23 |
| 24 | വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ | 1-24 |

| | | |
|---|---|---|
| 25 | വനിതാഘടക പദ്ധതി- മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതി നടപ്പിലാക്കേണ്ടതാണ് | 1-25 |
| 26 | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. | 1-26 |
| 27 | അങ്കണവാടിക്കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല | 1-27 |
| 28 | കുട്ടികൾക്കുള്ള ഫണ്ട് വകമാറ്റി ചെലവഴിച്ചു | 1-28 |
| 29 | ഹോമിയോ മരുന്ന് വാങ്ങൽ; ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല | 1-29 |
| 30 | മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല | 1-30 |
| 31 | കേരള വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്ത തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 03.03.2021 തീയതിയിലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 21.02.2022 തീയതിയിലെ 3(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപ്പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 18.7.2022-ൽ എയിംസ് മുഖേന സമർപ്പിച്ചു. ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു

1. കേരള പഞ്ചായത്ത് രാജ് അക്കൌണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൌണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2. ഷെഡ്യൂൾ ബി-2- Distress Relief Fund- വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ് 11821 രൂപയും ബാങ്ക് പാസ്സ് ബുക്ക് പ്രകാരം ബാലൻസ് 2203 രൂപയുമാണ്.

3. ഷെഡ്യൂൾ ബി-3 -Capital Contribution – മുൻവർഷത്തെ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഗ്രാൻറ് ചെലവുകൾ റവന്യൂ എക്സ്പെൻഡിച്ചർ ആയി അക്കൌണ്ട് ചെയ്തിരിക്കുകയാണ്. ഗ്രാൻറ് തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

4. ഷെഡ്യൂൾ ബി-4- Awards And Honours- Central Govt- ഈ ഇനത്തിലുള്ള 200000 രൂപ ചെലവഴിക്കപ്പെട്ടെങ്കിലും, ബാലൻസ് ഷീറ്റിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു.

5. ഷെഡ്യൂൾ ബി-4- Development Fund- Central Finance Commission Grant- Basic Tax Grant(320200104) ഇനത്തിൽ 106609 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. യഥാർഥ നീക്കിയിരിപ്പ് 89810 രൂപയാണ്.

6. ഷെഡ്യൂൾ ബി-4- Development Fund- Central Finance Commission Grant -Tied Fund(320200113) ഇനത്തിൽ 258651 രൂപ നീക്കിബാക്കി കാണിച്ചിരിക്കുന്നു. യഥാർഥ നീക്കിയിരുപ്പ് 419685 രൂപയാണ്.

7. ഷെഡ്യൂൾ ബി-4- Contributions For Joint Venture Projects- സംയുക്ത പദ്ധതികൾക്കായി ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകയുടെ നീക്കിയിരുപ്പ് (67392) ട്രഷറി സ്പെഷ്യൽ ടി.എസ്.ബി- ജോയിന്റ് വെഞ്ചർ അക്കൌണ്ടിലെ നീക്കിയിരിപ്പും(40440) പൊരുത്തപ്പെടുന്നില്ല. നീക്കിയിരിപ്പിൽ 26952 രൂപയുടെ വ്യത്യാസമുണ്ട്.

8. ഷെഡ്യൂൾ ബി-4- Contributions For Other Specific Purpose(For Revenue Expenditure) From Block Panchayath ഇനത്തിൽ അവശേഷിക്കുന്ന 22500 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമല്ല.

9. ഷെഡ്യൂൾ ബി-4- ശുചിത്വ മിഷൻ വരവ് ചെലവ് കണക്ക് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

10. ഷെഡ്യൂൾ ബി-18- Advance To Implementing Agencies – Deposit With KWA, Deposit With KSEB, Deposit With Public Work Department, Deposit With Anert എന്നീ ഇനങ്ങളിൽ യഥാക്രമം 925528, 19616, 65445, 432300 രൂപ നീക്കിബാക്കിയിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് മുൻകൂർ നല്കിയ തുകകൾ, പ്രവൃത്തി പൂർത്തീകരിച്ച് അഡ്വാൻസ് തുക ക്രമീകരിച്ചതിൻറെ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് പ്രത്യേകം രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത തുകകളുടെ കൃത്യത ബോദ്ധ്യപ്പെട്ടില്ല.

11. ഗ്രാമപഞ്ചായത്ത് വക ഭൂമി സ്ഥിര ആസ്തികളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻവർഷം മിനി കുടിവെള്ള പദ്ധതിയ്ക്ക് ഭൂമി വാങ്ങുന്നതിന് പഞ്ചായത്ത് 256437 രൂപ ചെലവഴിച്ചിട്ടുണ്ട്.

12. ഷെഡ്യൂൾ ബി-14 – ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. രജിസ്റ്ററിൽ സ്റ്റോക്കിൻറെ മൂല്യം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

13. ഷെഡ്യൂൾ ബി-4- ഐ.സി.ഡി.എസ്(320100196) ഇനത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 927899 രൂപ നീക്കിബാക്കിയായി കാണിച്ചിട്ടുണ്ട്. എന്നാൽ എ.സി.ആർ പ്രകാരം 75868 രൂപയാണ്.

14. തൊഴിലുറപ്പ് പദ്ധതിയുടെ വരവുചെലവ് കണക്കുകൾ വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

15. ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ടിന്റെ വർഷാന്ത്യ ബാങ്ക് റീക്കൺസിലിയേഷൻ പരിശോധിച്ചതിൽ പഞ്ചായത്തിൽ നിന്നും നൽകിയതും എന്നാൽ 31.03.2022-നം ബാങ്കിൽ നിന്നും മാറിയിട്ടില്ലാത്തതുമായി (Cheque Issued But Not Presented Into Bank) കാണിച്ചിരിക്കുന്ന ചെക്ക് (നം. 269200, തുക-1455) 24.12.2021ന് മാറിയിട്ടുള്ളതാണ്. ബാങ്കിന് നൽകിയതും എന്നാൽ അക്കൗണ്ടിൽ ക്രഡിറ്റ്

ചെയ്യാത്തതുമായി(Cheque Deposited But Not Cleared) കാണിച്ചിരിക്കുന്ന ചെക്ക്(നം.13390, തുക-2417) 20.07.2021 ന് പാസ്സ്ബുക്കിൽ വരവ് വന്നിട്ടുള്ളതാണ്. റീക്കൺസിലിയേഷൻ നടത്തിയതിലെ അപാകത പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3655944 |
| വരവ് | 38799034 |
| ആകെ | 42454978 |
| ചെലവ് | 39127306 |
| നീക്കിയിരിപ്പ് | 3327672 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത് ) | | | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|---|
| | | വരവ് | ചെലവ് | | |
| | A | B | C | | A-C |
| വികസന ഫണ്ട് (ജനറൽ) | 5835000 | 5440800 | 5835000 | | 0 |
| വികസനഫണ്ട് (എസ്.സി.പി) | 4530000 | 4530000 | 4530000 | | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 2805000 | 2805000 | 2385315 | | 419685 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 1155830 | 1155830 | 1066020 | | 89810 |
| സംരക്ഷണ ഫണ്ട്-റോഡ് | 5125000 | 6846000 | 4968432 | | 156568 |
| സംരക്ഷണ ഫണ്ട് -റോഡിതരം | 5105332 | 5105332 | 3459978 | | 1645354 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച് ) | | | | | |
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| ശുചിത്വ മിഷൻ | 680162 | 130000 | 810162 | 130000 | 680162 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എൻ. ആർ. ഇ. ജി. എസ് | 80 | 11382755 | 11382835 | 11382547 | 288 |
| ഐ.സി.ഡി.എസ്. | 129033 | 122113 | 251146 | 175278 | 75868 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കിലെ അപാകത

1. വികസന ഫണ്ട് (ജനറൽ) - അങ്കണവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവുചെയ്ത 394200 രൂപ ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവു കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.
2. സംരക്ഷണ ഫണ്ട്-റോഡ് ഇനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത 1721000 രൂപ ഗ്രാന്റ് വിനിയോഗ പത്രികയിൽ വരവായി ഉൾപ്പെടുത്തിയിട്ടില്ല

## 1-5 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 114 | 39327406 | 86 | 26305969 | 28 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 10711209 | 10711209 | 10711209 | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 80 | 671546 | 648941 | 671338 | 288 |
| ആകെ | 80 | 11382755 | 11382835 | 11382547 | 288 |

## 1-7 തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19200 | 9 |
| കർഷകത്തൊഴിലാളി പെൻഷൻ | 1162800 | 72 |
| വിധവാപെൻഷൻ | 5514700 | 345 |
| വാർദ്ധക്യകാലപെൻഷൻ | 12995900 | 882 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1331100 | 83 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 173200 | 12 |

## 1-8 ക്യാഷ് പരിശോധന

ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് പരിശോധന 13-10-2022, 4.15 P.M.-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരുപ്പ് തുകയായ 28700(ഇരുപത്തി എണ്ണായിരത്തി എഴുന്നൂറ്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ചുമതലകൾ കൃത്യമായി വിഭജിച്ചു നൽകുകയും, ഓഫീസ് പ്രവർത്തനങ്ങൾ സുഗമമായി നടക്കുകയും ചെയ്യുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്. ജനങ്ങൾക്ക് സമയബന്ധിതമായി സേവനങ്ങൾ നൽകാൻ പഞ്ചായത്തിന് കഴിയുന്നുണ്ട്. ഗ്രാമപഞ്ചായത്ത് ഓഫീസിന് ISO 9001 സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. എല്ലാ ബാങ്ക് അക്കൗണ്ടുകളും മാസാവസാനം റിക്കൺസിലിയേഷൻ നടത്തുന്നുണ്ട്. മാനുവൽ രസീത് ബുക്കിൽ വർഷാവസാനം ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. പൊതുടാപ്പുകളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പല വർക്കിംഗ് ഗ്രൂപ്പുകളും കേവലം പേരിനുള്ളവ മാത്രമാണ്. ഓഡിറ്റ് വർഷം ഒരു പ്രാവശ്യം (07-01-2022) മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. അദ്ധ്യക്ഷന്റെയും ഉപാദ്ധ്യക്ഷന്റെയും കൺവീനറുടേയും അസാന്നിദ്ധ്യത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 07-01-2022 ൽ യോഗം ചേർന്നത്. പ്രോജക്ടുകളുടെ കൃത്യമായ മോണിറ്ററിംഗ് നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണം എന്ന സർക്കാർ മാർഗ്ഗനിർദ്ദേശം പാലിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-09-2013 | 2008-09 മുതൽ 2012-13 വരെ | 28-10-2013 |
| പെർഫോമൻസ് ഓഡിറ്റ് | 05-07-2022<br>09-07-2022 | 01/2022 മുതൽ 03/2022 വരെ | 05-08-22 |

## 1-11 പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി ആശങ്കാജനകം

ഗ്രാമപ്പഞ്ചായത്തിന്റെ തനതു വരുമാനം അനിവാര്യ ചെലവുകൾക്ക് തികയുന്നില്ല. ഓഡിറ്റ് വർഷം നികുതി, നികുതിയേതര വരവുകൾ 100 ശതമാനം പിരിച്ചെടുത്തിട്ടുണ്ടെങ്കിലും മതിയായ നികുതി/നികുതിയേതര വരുമാനം ഇല്ലാത്തത് ധനക്കമ്മിക്ക് കാരണമായി. 2021-22-ലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പഞ്ചായത്തിന്റെ തനത് വരുമാനവും, അനിവാര്യ ചെലവുകളും ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| വരുമാന ഇനം | തുക | ഇനം | തുക |
| നികുതി | 3261094 | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 11730760 |
| നികുതിയേതരം | 2334626 | അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾ | 552513 |
| പലിശ | 7798 | ഓപ്പറേഷൻസ് & മെയിന്റനൻസ് | 1135110 |
| മറ്റിനം | 136260 | ബാങ്ക് ചാർജ് | 12734 |
| ആകെ | 5739778 | ആകെ ചെലവ് | 13431117 |
| ധനകമ്മി | | | -7691339 |

ജനറൽ പർപ്പസ് ഗ്രാന്റായി 4054000 രൂപ ലഭിച്ചിട്ടും തൻവർഷം ധനക്കമ്മിയാണ്. മുൻവർഷങ്ങളിൽ പഞ്ചായത്തിന് ലഭിച്ചിട്ടുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും മറ്റ് ഋണശീർഷ തുകകളും തനതുഫണ്ടിൽ സൂക്ഷിച്ച് പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്കായി വകമാറ്റി ചെലവഴിച്ചുവരുന്നു. വരും വർഷങ്ങളിൽ ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക ഉൾപ്പെടെയുള്ള ചെലവുകൾ ഉള്ളതിനാൽ ധനസ്ഥിതി കൂടുതൽ പരിതാപകരമാകും.

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. ഒരിക്കൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ ഘടനാപരമായി മാറ്റം വരുത്തുന്ന പക്ഷം വസ്തു നികുതി പുനർ നിർണ്ണയിച്ച് ഈടാക്കാവുന്നതാണ്. പഞ്ചായത്ത് പരിധിയിലെ ഘടനാപരമായി മാറ്റം വരുത്തിയ കെട്ടിടങ്ങൾ കണ്ടെത്തുന്നതിനുള്ള വ്യാപകമായ ഒരു പരിശോധന നടത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങൾക്ക് കൂടുതൽ മുറികൾ കൂട്ടിച്ചേർത്തത്, കെട്ടിടങ്ങൾക്ക് അധികം നിലകൾ പണിതത്, മേൽക്കൂരയുടെ തരം മാറ്റിയത്, ഗാർഹികാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നത് എന്നിവയെല്ലാം സമഗ്രമായ ഒരു പരിശോധനയിലൂടെ കണ്ടെത്തി അപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പുനർ നിർണ്ണയിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. അതുപോലെതന്നെ വസ്തു നികുതിയിന്മേലുള്ള സേവന ഉപനികുതിയും ന്യായമായ തോതിൽ വർദ്ധിപ്പിക്കാവുന്നതാണ്. നിലവിൽ ഏറ്റവും കുറഞ്ഞ പരിധിയ്ക്ക് വിധേയമായി 10 ശതമാനം സേവന ഉപനികുതിയാണ് പഞ്ചായത്ത് ചുമത്തിവരുന്നത്. ഈ ജില്ലയിൽ തന്നെ 30% വരെ സേവന ഉപനികുതി ചുമത്തുന്ന പഞ്ചായത്തുകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

അതുപോലെതന്നെ പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാഹനത്തിന്റെ ഇന്ധന ചെലവ് തുടങ്ങിയ ആവർത്തന ചെലവുകൾ പരമാവധി കുറച്ചുകൊണ്ടുവരുന്നതിനും സവിശേഷ ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-12 കാലാവധി കഴിഞ്ഞ നിരതദ്രവ്യം/ജാമ്യ നിക്ഷേപ തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6) പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എന്നാൽ 2016-17 സാമ്പത്തിക വർഷം മുതലുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലായെന്ന് ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് ചെയ്ത വർഷം | ഇനം | തുക |
|---|---|---|
| 2018-19 | Contractors Retension | 16646 |
| 2019-20 | Contractors Retension | 54340 |
| 2017-18 | Bidder's EMD | 4980 |
| 2016-17 | Supplier's Security Deposit | 18918 |
| 2018-19 | Supplier's Security Deposit | 2400 |
| 2016-17-2019-20 | Supplier's EMD | 35754 |
| മുതൽ കൂട്ടേണ്ട ആകെ തുക | | 133038 |

ഡിപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള, കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകയായ 1,33,038/- രൂപ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ലൈസൻസ് എടുക്കുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പായി പഞ്ചായത്തിൽ സമർപ്പിച്ച് ലൈസൻസ് നേടേണ്ടതാണ്. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ള 122 സ്ഥാപനങ്ങളിൽ 28 എണ്ണം മാത്രമാണ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. യഥാസമയം ലൈസൻസ് പുതുക്കാതെ സ്ഥാപനങ്ങൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നത് ഈ വിഷയത്തിൽ അധികൃതർ പുലർത്തുന്ന അനാസ്ഥയാണ് വെളിവാക്കുന്നത്. വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നുവെന്ന് അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 റീട്ടെയിൽ റേഷൻ ഡിപ്പോകളുടെ ലൈസൻസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല.

1994-ലെ പഞ്ചായത്ത് പരിധിയിൽ 4 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ടി റേഷൻകടകളിൽ നിന്നും ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഓഡിറ്റ് വർഷം ഈടാക്കിയിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങളിൽ, ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ നിന്നും റീട്ടെയിൽ റേഷൻ ഡിപ്പോകളെ തൊഴിൽനികുതി, ലൈസൻസ് എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ സാധിക്കില്ലെന്ന് സിവിൽ സപ്ലൈസ് ഡയറക്ടർ (കത്ത് നം-സി.എസ്.(എ)-9/764/19 തീയതി 22.01.2021) അറിയിച്ചിട്ടുണ്ട്. ടി റേഷൻകടകളിൽ നിന്നും ലൈസൻസ്, ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-15 പ്രവർത്തന രഹിതമായ പൊതുടാപ്പുകൾക്കും വെള്ളക്കരം ഒടുക്കുന്നു

പഞ്ചായത്തിന്റെ ഒരു പ്രധാന ആവർത്തന ചെലവാണ് പൊതു ടാപ്പുകളുടെ വെള്ളക്കരം. നിലവിൽ 159 പൊതുടാപ്പുകൾക്ക് പ്രതിമാസം 73047രൂപയാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കിവരുന്നത്. തനത് ഫണ്ടന്റെ അപര്യാപ്തത കാരണം റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി പദ്ധതി ആവിഷ്കരിച്ചാണ് പഞ്ചായത്ത് വെള്ളക്കരം അടയ്ക്കുന്നത്. ഇക്കാരണത്താൽ അങ്കണവാടികളും, ആരോഗ്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പടെ കൈമാറി കിട്ടിയ ആസ്തികളുടെ പരിപാലനത്തിന് ചെലവഴിക്കേണ്ട 8.76 ലക്ഷം രൂപ വെള്ളക്കരം ഒടുക്കുന്നതിനുവേണ്ടി വകമാറ്റി ചെലവഴിക്കേണ്ട സ്ഥിതിയിലാണ്.

പഞ്ചായത്തിന്റെ നിത്യനിദാന ചെലവുകൾ മുടങ്ങുന്ന നിലയിലേക്ക് സാമ്പത്തിക സ്ഥിതി മോശമായതായും, തനത് ഫണ്ട് നീക്കിയിരിപ്പ് മൈനസിലേക്ക് എത്തിയതായും 10/02/2021-ൽ കൂടിയ ധനകാര്യ സ്റ്റാന്റിംഗ് കമ്മിററി യോഗം വിലയിരുത്തുകയും, കർശനമായി ചെലവുകൾ ചുരുക്കണമെന്ന് യോഗം തീരുമാനിക്കുകയും ചെയ്തിട്ടുള്ളതായി മിനിട്സ്

ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. പ്രവർത്തനക്ഷമമല്ലാത്ത പൊതുടാപ്പുകൾ സംയുക്ത പരിശോധനയിലൂടെ കണ്ടെത്തി ഒഴിവാക്കുന്നതിനും അതിലൂടെ വെള്ളക്കര ഇനത്തിലുള്ള ബാധ്യത വലിയ അളവിൽ കുറച്ചുകൊണ്ടുവരുന്നതിനും കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ കമ്മിറ്റിയുടെ തീരുമാനം സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ ഉപേക്ഷയുണ്ടായിട്ടുണ്ട്. ഉദ്ദേശ്യം ഒരു വർഷം എടുത്താണ് സംയുക്ത പരിശോധന പഞ്ചായത്ത് പൂർത്തിയാക്കിയിട്ടുള്ളത്. പഞ്ചായത്തും, വാട്ടർ അതോറിറ്റിയും സംയുക്തമായി 31.12.2021 – 03.01.2022 കാലയളവിൽ നടത്തിയ പരിശോധനയിൽ പഞ്ചായത്ത് വർഷങ്ങളായി വെള്ളക്കരം ഒടുക്കിവന്നിരുന്ന 159 ടാപ്പുകളിൽ 91 എണ്ണവും പ്രവർത്തനക്ഷമമല്ലെന്ന് കണ്ടെത്തുകയുണ്ടായി. പ്രവർത്തനക്ഷമമല്ലാത്ത 91 ടാപ്പുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 13.04.2022-ൽ പഞ്ചായത്ത് വാട്ടർ അതോറിറ്റിയ്ക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടാപ്പുകൾ കട്ട് ചെയ്യുന്നതിന് 148000 രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി 17.06.2022 വാട്ടർ അതോറിറ്റി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതിവരെ പഞ്ചായത്ത് വാട്ടർ അതോറ്റിയിൽ തുക ഒടുക്കിയിട്ടില്ല. ഇക്കാരണത്താൽ മുമ്പെന്നപോലെ പ്രവർത്തനക്ഷമമല്ലാത്ത 91 ടാപ്പുകൾക്ക് ഉൾപ്പടെ തുടർന്നും പഞ്ചായത്ത് വെള്ളക്കരം ഒടുക്കി വരുന്നു.

ഒരു പൊതു ടാപ്പിന് പ്രതിവർഷം 5512.5 രൂപ നിരക്കിൽ 91 ടാപ്പുകൾക്ക് ഒരു വർഷം 501637 രൂപയാണ് പഞ്ചായത്തിന് അധിക ബാധ്യതയുണ്ടായിട്ടുള്ളത്. 10.02.2021-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനം യഥാസമയം നടപ്പിലാക്കിയിരുന്നെങ്കിൽ ഈ ഇനത്തിലുള്ള വൻ പാഴ്ച്ചെലവ് പഞ്ചായത്തിന് ഒഴിവാക്കാമായിരുന്നു. നിത്യനിദാന ചെലവുകൾക്കുപോലും ഞെരുക്കമുള്ള പഞ്ചായത്തിലാണ് ഇപ്രകാരമുള്ള പാഴ്ച്ചെലവെന്നുള്ളത് ശ്രദ്ധേയമാണ്.

പൊതു ടാപ്പുകൾക്ക് പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ജൽജീവൻ മിഷന്റെ ഭാഗമായി ഗ്രാമ പ്രദേശത്തെ മുഴുവൻ വീടുകൾക്കും ഹൗസ് കണക്ഷൻ നൽകുന്ന രീതിയിൽ പ്രോജക്ട് നടപ്പിലാക്കി പൊതു ടാപ്പുകൾ പൂർണ്ണമായും നിർത്തലാക്കുന്നതാണ് ഉചിതമെന്ന് പഞ്ചായത്തിന്റെ മോശമായ ധനസ്ഥിതിയുടെ പശ്ചാത്തലത്തിൽ ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-16 കോടികൾ ചെലവഴിച്ച് ആരംഭിച്ച മുഴുക്കോട്ട് ചാൽ ഇക്കോ ടൂറിസം പദ്ധതി ത്രിശങ്കുവിൽ

ലോകബാങ്ക് ധനസഹായം ഒരു കോടി രൂപയും, ഉമ്പമൺ ഗ്രാമപഞ്ചായത്തും, പന്തളം ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷം രൂപ വീതവും ചെലവഴിച്ച് നെടുങ്കോട്ട് പുഞ്ചയിൽ 2016-17 വർഷം നിർമ്മാണം ആരംഭിച്ച മുഴക്കോട്ടു ചാൽ ഇക്കോ ടൂറിസം പദ്ധതി ലക്ഷ്യം കാണാതെ അനാഥമായി കിടക്കുന്നു. സാങ്കേതിക ക്ഷമതയും മേന്മയും ഉറപ്പാക്കാതെയും, സമഗ്രമായ കാഴ്ചപ്പാടോ ദീർഘവീക്ഷണമോ ഇല്ലാതെയുമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ ഈ പദ്ധതി എപ്രകാരം ലക്ഷ്യത്തിലെത്തിക്കുമെന്നോ, അതിനാവശ്യമായ ഭീമമായ ഫണ്ട് എവിടെനിന്നു കണ്ടെത്തുമെന്നോ ഉള്ള കാര്യത്തിൽ അധികൃതർക്ക് യാതൊരു നിശ്ചയവുമില്ല. ഉമ്പമൺ നിവാസികൾക്ക് വിശ്രമത്തിനും വിനോദത്തിനുമുള്ള ഏക പദ്ധതിയാണ് ശരിയായ ആസൂത്രണത്തിന്റെ അഭാവത്തിൽ അനിശ്ചിതത്വത്തിലായിരിക്കുന്നത്.





നെടുങ്കോട്ട് പുഞ്ചയിലെ ഉദ്ദേശ്യം ഒരു ഹെക്ടറോളം വിസ്തൃതിയുള്ള ചിറയുടെ സംരക്ഷണഭിത്തി നിർമ്മാണവും, വശങ്ങളിലെ ഇന്റർലോക്ക് കട്ട വിരിച്ചുള്ള നടപ്പാതയും, ചിറയ്ക്ക് ചുറ്റും കൈവരി നിർമ്മാണവും 2017-18-ലെ പദ്ധതിയിൽ പൂർത്തിയാക്കി. ചിറയുടെ ഒരു വശത്തായി കുട്ടികൾക്കുള്ള പാർക്കിന്റെ സിവിൽ വർക്കും പൂർത്തിയാക്കി. പാർക്കിൽ ഇരിപ്പിടങ്ങൾ, നടപ്പാത, സെക്യൂരിറ്റി ക്യാബിൻ, ലക്ഷങ്ങൾ ചെലവഴിച്ച് നിരവധി LED അലങ്കാര വിളക്കുകൾ എന്നിവയും സ്ഥാപിച്ചു. വൈദ്യുതി കണക്ഷനും ലഭ്യമാക്കി. പത്ത് ലക്ഷത്തോളം രൂപ ചെലവഴിച്ച് പാർക്കിലേക്ക് 110 മീറ്റർ നീളത്തിൽ കോൺക്രീറ്റ് റോഡും, ശുചി മുറികളും നിർമ്മിച്ചു. പാർക്കിൽ കുട്ടികൾക്ക് വിനോദത്തിനുള്ള കളിയുപകരണങ്ങൾ സ്ഥാപിക്കാൻ അവശേഷിക്കുന്നു. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പദ്ധതി പ്രദേശം കാടുകയറി നാശോന്മുഖമായി കിടക്കുന്നതാണ് കണ്ടത്. നിലവിൽ സാമൂഹ്യ വിരുദ്ധരുടെ വിഹാരകേന്ദ്രമായി ഇവിടം മാറിയിരിക്കുന്നു. 2020-21-ന് ശേഷം ഈ പദ്ധതിയ്ക്കായി പഞ്ചായത്ത് തുടർ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല.



*നിർമ്മാണം പൂർത്തിയാക്കിയ പാർക്കിന്റെ ചിത്രം*



*പാർക്ക് നിലവിൽ കാട് കയറിയ നിലയിൽ*

പദ്ധതിയുടെ ഭാഗമായ ചിറ ഒരു നീന്തൽ പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നതെന്ന് അറിയുന്നു. ഇത് എത്രത്തോളം പ്രായോഗികമാണെന്ന കാര്യത്തിൽ സംശയമുണ്ട്. ഇത് ഒരു നീന്തൽ കുളമാക്കി മാറ്റുന്നതിന് നിലവിലുള്ള ചിറയുടെ അടിത്തട്ടിൽനിന്നും രണ്ട് മീറ്ററെങ്കിലും ആഴത്തിൽ ചെളി നീക്കി അടിത്തട്ട് കോൺക്രീറ്റ് ചെയ്യേണ്ടിവരുമെന്ന് എഞ്ചിനീയറിംഗ് വിഭാഗം പറയുന്നു. ചിറയുടെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി നടത്തുന്ന പക്ഷം ചിറയുടെ നിലവിലുള്ള സംരക്ഷണഭിത്തി തകരാൻ സാധ്യതയുണ്ട്. അഥവാ ചെളിനീക്കിയാൽതന്നെ ചിറയുടെ അടിത്തട്ട് പൂർണ്ണമായും കോൺക്രീറ്റ് ചെയ്യുന്നതിനുവേണ്ടി വരുന്ന ഭീമമായ തുക പഞ്ചായത്തിന്റെ പദ്ധതി തുകയിൽനിന്നും കണ്ടെത്തുക പ്രായോഗികമല്ല. സമഗ്രമായൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാതെയും പദ്ധതിയ്ക്കാവശ്യമായ ധന സ്രോതസ്സുകൾ കണ്ടെത്താതെയും അവധാനതയില്ലാതെ പദ്ധതി നടപ്പിലാക്കിയതാണ് പദ്ധതി ത്രിശങ്കുവിലാകാൻ കാരണം.

KLSGDPപദ്ധതിയിൽപ്പെടുത്തി സർക്കാർ അനുവദിച്ച ഒരു കോടി രൂപയാണ് ഇപ്രകാരം ഒരു പദ്ധതിയിൽ പഞ്ചായത്ത് നിക്ഷേപിച്ചത്. സേവന പ്രദാനത്തിനുള്ള മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും, പരിപാലിക്കുന്നതിനുമാണ് വേൾഡ് ബാങ്കിൽനിന്നും കടം എടുത്ത് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലവറി പ്രോജക്ട് (KLSGDP) സംസ്ഥാന സർക്കാർ നടപ്പാക്കിയത്. പഞ്ചായത്തിൽനിന്നും, അതിന്റെ ഘടക സ്ഥാപനങ്ങളിൽനിന്നും ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയാണ് ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിട്ടത്. എന്നാൽ നാടിന്റെ വികസനാവശ്യങ്ങളുടെ മുൻഗണന നിശ്ചയിക്കുന്നതിൽ വേണ്ടത്ര ജാഗ്രത കാണിക്കാതെ ലഭ്യമായ ഫണ്ട് മുഴുവൻ ഈ പദ്ധതിയ്ക്കായി വകമാറ്റുകയാണ് പഞ്ചായത്ത് ഭരണസമിതി ചെയ്തത്.

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയ്ക്കുള്ളിലും അവയുടെ പങ്കാളിത്തത്തോടെ കുറഞ്ഞത് ഒരു വിനോദസഞ്ചാര കേന്ദ്രമെങ്കിലും വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പേരിൽ സംസ്ഥാന സർക്കാർ ഒരു പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവ് ടൂറിസം വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നിർവഹിക്കും. പദ്ധതി തുകയുടെ 60 ശതമാനമോ 50 ലക്ഷം രൂപയോ അതിലേതാണോ കുറവ് അത് ആയിരിക്കും ടൂറിസം വകുപ്പ് നൽകുന്നത്. ശേഷിക്കുന്ന തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വന്തമായോ പ്ലാൻ ഗ്രാന്റായോ മറ്റേതെങ്കിലും ഫണ്ടുകൾ (സിഎസ്എസ് ഉൾപ്പെടെ) വഴിയോ കണ്ടെത്തണം. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്തി കോടികൾ വെള്ളത്തിലാക്കിയ മുഴക്കോട്ട് ചാൽ ഇക്കോ ടൂറിസം പദ്ധതിയെ കരകയറ്റുന്നതിനുള്ള ആത്മാർത്ഥ ശ്രമം പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-17 സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന പദ്ധതി ഇഴയുന്നു

വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനെർട്ടുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതി മുടങ്ങികിടക്കുന്നു. 2021-22-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 107/22 പ്രകാരം വിട്ടു കിട്ടിയ സ്ഥാപനങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 433848 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. അനർട്ട് മുഖാന്തിരം ഡെപ്പോസിറ്റ് വർക്കായി പദ്ധതി നടപ്പിലാക്കുന്നതിനാണ് പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്നത്. ആയത് പ്രകാരം അനർട്ട് പഞ്ചായത്തിൽ 26.11.2021-ൽ പ്രാഥമിക പഠനം നടത്തി 6kWP On Grid സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്തു. പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ചെലവ് 393000 രൂപയും, അനെർട്ടിന്റെ സർവ്വീസ് ചാർജ് 39300 രൂപയും ഉൾപ്പടെ ആകെ 432300 രൂപ 156/20.12.2021 നമ്പർ ട്രഷറി ബിൽ പ്രകാരം അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്തു. എഗ്രിമെന്റ് പ്രകാരം അനെർട്ട് ആറ് മാസത്തിനകം പദ്ധതി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ വർഷം ഒന്നു കഴിയാറായിട്ടും അനെർട്ട് പ്ലാന്റ് നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിന് കൈമാറിയിട്ടില്ല.

പഞ്ചായത്ത് അനെർട്ടുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം അനെർട്ട് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള

സ്ഥാപനങ്ങളിൽനിന്നും നിയന്ത്രിത ടെണ്ടർ നടപടികളിലൂടെ പ്രവർത്തി ചെയ്യേണ്ട ഏജൻസിയെ തെരഞ്ഞെടുക്കുന്നത്. ടെണ്ടർ പ്രക്രിയയിൽ L1 ആകുന്ന സ്ഥാപനത്തിനാണ് വർക്ക് ഓർഡർ നൽകുന്നത്. പവർ പ്ലാന്റിന്റെ സ്ഥാപനം, കമ്മീഷനിംഗ്, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട അനെർട്ട് ജില്ലാ ഓഫീസ്, പഞ്ചായത്ത്, പവർ പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി എന്നിവർ ചേർന്ന് ഒരു ത്രികക്ഷി കരാറിൽ ഏർപ്പെടേണ്ടതാണ്. അതുപോലെ തന്നെ തുക അനെർട്ടിൽ ഡെപ്പോസിറ്റ് ചെയ്ത തീയതി മുതൽ കുറഞ്ഞത് 6 മാസത്തിനുള്ളിൽ അനെർട്ട് പദ്ധതി നിർവ്വഹണം പൂർത്തീകരിച്ച് നൽകേണ്ടതാണ്.

എന്നാൽ ഫയൽ പരിശോധിച്ചതിൽ എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിരുന്ന പ്രകാരം പവർ പ്ലാന്റ് സ്ഥാപിക്കുന്ന സ്ഥാപനവുമായി ചേർന്ന് ത്രികക്ഷി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായും കണ്ടില്ല. അതുപോലെതന്നെ ശൃംഖലാ ബന്ധിത സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിക്കുകയാണെങ്കിൽ KSEBL-ൽനിന്നും ഗുണഭോക്തൃസ്ഥാപനം ഫീസിബിലിറ്റി വാങ്ങിയിരിക്കണമെന്ന നിബന്ധനയും പാലിച്ചിട്ടുള്ളതായി കണ്ടില്ല (Order No.A.O.16/DW/ANERT/2019, Dtd.03.02.2020). എഗ്രിമെന്റ് കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതെ കരാർ ലംഘനം നടത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ തുടർ നടപടികളൊന്നും പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ളതായും കണ്ടില്ല. പദ്ധതി നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4/14.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി എത്രയും വേഗം പൂർത്തിയാക്കി അനെർട്ടിൽനിന്നും ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 പരേതർക്കും ക്ഷേമപെൻഷൻ വിതരണം ചെയ്തു

ക്ഷേമപെൻഷൻ ഗുണഭോക്താക്കൾ മറ്റ് തദ്ദേശസ്ഥാപന പരിധിയിൽ മരണപ്പെട്ടാൽ അങ്ങനെയുള്ളവരുടെ വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖേന ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്ന് സ.ഉ.(എം.എസ്)നം.97/2020/ധന. തീ.23.09.2020 നമ്പർ ഉത്തരവിൽ സർക്കാർ വ്യക്തമാക്കിയിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ഓഡിറ്റ് നടത്തിയ പരിശോധനയിൽ ഓഡിറ്റ് കാലയളവിൽ മരണപ്പെട്ട ചുവടെ ചേർക്കുന്ന ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് അവരുടെ മരണശേഷവും പെൻഷൻ ക്രഡിറ്റ് ചെയ്തു വരുന്നതായി കണ്ടു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി, മരണ രജിസ്ട്രേഷൻ നമ്പർ | അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | | അക്കൌണ്ട് നമ്പർ |
|---|---|---|---|---|---|---|---|
| | | | | | കാലയളവ് | തുക | |
| 1 | സുജാത കെ. എസ് 3/41,കുമ്പോമുഴ, തുമ്പമൺ P. O, 689502 | 104140300028 | ഡിസബിലിറ്റി പെൻഷൻ | 26/03/2021 122/2021 08/04/2021 (പന്തളം നഗരസഭ) | 04/21 - 08/22 | 27200 | 40370101011386 (KLGB0040370-THUMPAMON) |
| 2 | തങ്കമ്മ മാത്യൂ 12/129, തൊണ്ടംവേലിൽ, മുട്ടംതുമ്പമൺ P. O, 689502 | 104140200192 | വാർദ്ധക്യകാല പെൻഷൻ | 26/10/2021 433/2021 10/11/2021 (പന്തളം നഗരസഭ) | 11/21 - 08/22 | 16000 | 67358004841 (SBIN0070080-THUMPAMON) |
| | ആകെ | | | | | 43200 | |

മരണപ്പെട്ടവരെയും, അനർഹരായവരെയും ക്ഷേമപെൻഷൻ ഡാറ്റാ ബേസിൽനിന്നും ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ നടപ്പിലാക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച കാരണമാണ് മേൽ പറഞ്ഞ പ്രകാരം 43200 രൂപ പൊതു ഖജനാവിന് നഷ്ടമായിട്ടുള്ളത്. ടി പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിൽ അറിയിക്കാതെ അനന്തരവകാശികൾ കൈപ്പറ്റിയ തുക അവരിൽനിന്നും തിരിച്ചുപിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ഒടുക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മുറയ്ക്ക് പെൻഷൻ റദ്ദ് ചെയ്തില്ല

സാമൂഹ്യ സുരക്ഷാ പെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽതന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്നെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). പ്രാദേശിക സർക്കാരിൽനിന്ന് മരണ സർട്ടിഫിക്കറ്റ്/പുനർവിവാഹ സർട്ടിഫിക്കറ്റ് അനുവദിക്കുന്ന നടപടിക്രമങ്ങളും പെൻഷൻ ഡാറ്റാ ബേസും ആധാർ നമ്പരും ബന്ധിപ്പിച്ച് മരണപ്പെട്ട/പുനർവിവാഹം ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ പഞ്ചായത്തിൽനിന്നും ക്ഷേമ പെൻഷൻ കൈപ്പറ്റിവന്ന ഗുണഭോക്താക്കൾ മരണപ്പെടുകയും, അവരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെടുകയും ചെയ്തതിനുശേഷവും ഇവരുടെ പെൻഷൻ സസ്പെന്റ് ചെയ്യുന്ന കാര്യത്തിൽ വീഴ്ചയുണ്ടായി. പെൻഷണർമാരുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തതിനുശേഷം മാസങ്ങൾക്കോ, ചില സംഗതികളിൽ വർഷങ്ങൾക്കോ ശേഷമാണ് പെൻഷൻ സസ്പെന്റ് ചെയ്യപ്പെട്ടിട്ടുള്ളത്. ഇതുമൂലം ഗുണഭോക്താക്കളുടെ മരണശേഷവും ഇവരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകളിലേക്ക് പെൻഷൻ ക്രഡിറ്റ് ചെയ്യപ്പെടുകയും, ആയത് മരണപ്പെട്ടവരുടെ അനന്തരാവകാശികൾ കൈപ്പറ്റാൻ ഇടയാകുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്, പെൻഷൻ ഐ.ഡി., പെൻഷൻ തരം | മരണപ്പെട്ട തീയതി | മരണ രജിസ്ട്രേഷൻ നം., തീ. | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി | മരണശേഷം അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | തിരിച്ച് പിടിച്ച തുക | തിരിച്ച് പിടിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | കമലാക്ഷി<br>104140200175<br>വാർദ്ധക്യ കാല പെൻഷൻ | 26/07/2020 | 44/2020<br>19/08/2020 | 24/03/2022 | 34100 | 34100 | 0 |
| 2 | ഏലമ്മ രാജൻ<br>104140200624<br>വാർദ്ധക്യ കാല പെൻഷൻ | 21/08/2020 | 51/2020<br>27/08/2020 | 24/03/2022 | 27700 | 27700 | 0 |
| 3 | വാസവൻ പി.എൻ<br>104140200425<br>വാർദ്ധക്യ കാല പെൻഷൻ | 23/09/2020 | 63/2020<br>24/11/2020 | 24/03/2022 | 9000 | 9000 | 0 |
| 4 | ചന്ദ്രബാബു<br>104140200793<br>വാർദ്ധക്യകാല പെൻഷൻ | 15/05/2021 | 35/2021<br>16/07/2021 | 21/04/2022 | 17600 | 0 | 17600 |
| 5 | ഏലിയാമ്മ ബാബു<br>104140201028<br>വാർദ്ധക്യകാല പെൻഷൻ | 09/07/2021 | 39/2021<br>27/07/2021 | 09/02/2022 | 9600 | 0 | 9600 |
| 6 | ഉത്തമൻ കെ.<br>104140400025<br>വികലാംഗ പെൻഷൻ | 17/09/2021 | 50/2021<br>30/09/2021 | 20/04/2022 | 11200 | 0 | 11200 |
| 7 | സോമൻ കെ.കെ.<br>104140200916 | 13/10/2021 | 447/2021<br>01/11/2021 | 10/06/2022 | 11200 | 0 | 11200 |

| | | | | | | | |
|---|---|---|---|---|---|---|---|
| | വാർദ്ധക്യകാല പെൻഷൻ | | | | | | |
| 8 | അച്യുതൻ പി.കെ.104140200835 വാർദ്ധക്യകാല പെൻഷൻ | 12/04/2021 | 21/2021 05/05/2021 | 21/04/2022 | 19200 | 0 | 19200 |
| 9 | തങ്കമ്മ മത്തായി 104140200433 വാർദ്ധക്യകാല പെൻഷൻ | 20/11/2020 | 65/2020 03/12/2020 | 24/03/2022 | 29500 | 29500 | 0 |
| 10 | ലൈലാമ്മ ബാബു 104140600176 വിധവാ പെൻഷൻ | 19/10/2020 | 59/2020 16/11/2020 | 20/04/2022 | 29500 | 29500 | 0 |
| | ആകെ | | | | | | 68800 |

മരണപ്പെട്ടവരെയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരെയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽനിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽനിന്നും ഈടാക്കുന്നതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (നം.67/2020/ധന, തീ. 05.11.2020). ഇത് സംബന്ധിച്ച് സർക്കാർ കാലകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും വലിയ വീഴ്ചയാണ് ഉണ്ടായിട്ടുള്ളത്.

പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിൽ അറിയിക്കാതെ അനന്തരവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഇത്തരത്തിൽ സർക്കാരിനെ കബളിപ്പിച്ച് അനർഹമായി തട്ടിയെടുത്ത തുക അനന്തരാവകാശികളിൽനിന്നും തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. മേൽ കാണിച്ചിരിക്കുന്ന പ്രകാരം തിരിച്ച് പിടിക്കുന്നതിന് അവശേഷിക്കുന്ന തുക ബന്ധപ്പെട്ടവരിൽനിന്നും തിരിച്ച് പിടിച്ച് കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ അക്കൗണ്ടിലേക്ക് ഒടുക്കുവരുത്തുന്നതിന് സത്വര നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 കോവിഡ് പ്രതിരോധ മരുന്ന് വിതരണം ചെയ്യാതെ സ്റ്റോക്കിൽ കെട്ടി കിടക്കുന്നു

പഞ്ചായത്ത് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി വാങ്ങിയ ഹോമിയോ മരുന്ന് സ്റ്റോക്കിൽ കെട്ടികിടക്കുന്നു. 2021-22 വാർഷിക പദ്ധതിയിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് വാങ്ങിയ ഉദ്ദേശ്യം 43000 രൂപയുടെ മരുന്നാണ് കെട്ടികിടന്ന് ഉപയോഗ ശൂന്യമാകുന്നത്. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും ഒരു ലക്ഷം രൂപ ചെലവഴിച്ചാണ് ഹോമിയോ ഡിസ്പൻസറിയിലേക്ക് കോവിഡ് പ്രതിരോധ മരുന്നായ ARSENICUM ALBUM വാങ്ങിയത് (ട്രഷറി ബിൽ നം. 17-14/06/2021). ആകെ 30900 ടാബ്ലറ്റുകൾ അടങ്ങിയ 30 പെട്ടി മരുന്നാണ് വാങ്ങിയത്. ഹോമിയോ ഡിസ്പൻസറിയിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ഇതിൽ 13 പെട്ടി മരുന്നുകൾ പഞ്ചായത്തിലെ 13 വാർഡുകളിലേക്ക് വിതരണം ചെയ്തിട്ടുള്ളതായും, 10.09.21 മുതൽ 20.11.21 വരെ കാലയളവിൽ മറ്റൊരു 4 പെട്ടി മരുന്ന് വിതരണം ചെയ്തിട്ടുള്ളതായും കണ്ടു. ഇപ്രകാരം ഇതുവരെ 17 പെട്ടി മരുന്നുകൾ മാത്രമാണ് ഇതുവരെ വിതരണം ചെയ്തിട്ടുള്ളത്. അവശേഷിച്ച 13 പെട്ടി മരുന്നുകൾ വിതരണം ചെയ്യാതെ ദീർഘകാലമായി സ്റ്റോക്കിൽ കെട്ടികിടക്കുന്നതായാണ് കണ്ടത്.

മരുന്നിന്റെ കൃത്യമായ ആവശ്യകത നിർണ്ണയിക്കാതെയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. അഥവാ വാങ്ങിയ മരുന്നുകളുടെ ശരിയായ വിനിയോഗം ഉറപ്പുവരുത്തുന്നതിൽ ബന്ധപ്പെട്ടവർക്ക് വീഴ്ചയുണ്ടായി. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7/14.10.22) ഹോമിയോ മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയ മറുപടിയിൽ മരുന്നിന്റെ കാലാവധി തീയതിയായ 2025ന് മുമ്പ് തന്നെ മരുന്നുകൾ വിതരണം ചെയ്ത് തീർക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട് . കെട്ടി കിടക്കുന്ന മരുന്നുകൾ യഥാവിധി ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - പൊതുവായ അപാകതകൾ

2021-22 വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളും, രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ലഭ്യമായ മെയിന്റനൻസ് ഗ്രാന്റ് പൂർണ്ണമായും വിനിയോഗിക്കാതെ ലാപ്സാക്കി

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ 2021-22 വർഷം പഞ്ചായത്തിന് 6846000 രൂപ അലോട്ട്മെന്റ് ലഭിച്ചിരുന്നു. എന്നാൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും പ്രോജക്ടുകൾക്ക് വകയിരുത്താതെ ലഭ്യമായ ഫണ്ടിൽ ഗണ്യമായ ഭാഗം ലാപ്സാക്കിയതായി കാണുന്നു. ഓഡിറ്റ് വർഷം 5125000 രൂപ അടങ്കലുള്ള 18 പ്രോജക്ടുകൾ മാത്രമാണ് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. റോഡുകളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 1721000 രൂപ വകയിരുത്തി പ്രോജക്ടുകൾ ആവിഷ്കരിക്കാതെ ഫണ്ട് ലാപ്സാക്കി.

അതുപോലെ തന്നെ റോഡിതര മെയിന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 10 മരാമത്ത് പ്രവൃത്തികളിൽ 6 എണ്ണത്തിന്റെയും നിർവ്വഹണം തൻവർഷം പൂർത്തിയാക്കാതെ ഇവയ്ക്ക് വകയിരുത്തിയിരുന്ന 1399000 രൂപ ലാപ്സാക്കി.

(2) പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ച

ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഓഡിറ്റ് വർഷം 9 സ്പിൽ ഓവർ പ്രോജക്ടുകളും, 25 പുതിയ പ്രോജക്ടുകളും ഉൾപ്പടെ ആകെ 34 പ്രോജക്ടുകളായിരുന്നു വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. പുതിയ പ്രോജക്ടുകളിൽ 2409000 രൂപ അടങ്കലുണ്ടായിരുന്ന 11 പ്രോജക്ടുകൾ തൻവർഷം നിർവ്വഹണം പൂർത്തിയാക്കി പേയ്മെന്റ് നൽകിയിട്ടില്ല. തൻവർഷം ആവിഷ്കരിച്ച 24 പ്രവൃത്തികളിൽ 9 എണ്ണം മാർച്ച് മാസമാണ് ടെണ്ടർ ചെയ്തിട്ടുള്ളത് (05.03.2022). പ്രവൃത്തികളുടെ നിർവ്വഹണത്തിന് ഒരു കലണ്ടർ വർഷം പൂർണ്ണമായും ലഭ്യമാകുന്നതിനാണ് വാർഷിക പദ്ധതിയ്ക്ക് സാമ്പത്തിക വർഷാരംഭത്തിനുമുമ്പായി അംഗീകാരം നൽകുന്നത്. പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയ്ക്ക് മാർച്ച് 2022-ൽ തന്നെ അംഗീകാരം ലഭിച്ചുവെങ്കിലും മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ സാമ്പത്തിക വർഷാന്ത്യം വരെ നീണ്ടുപോയതായാണ് കാണുന്നത്. പ്രോജക്ടിൽ ഏകവർഷ പ്രോജക്ടെന്ന് രേഖപ്പെടുത്തുകയും കരാർ സാമ്പത്തിക വർഷാവസാനം വയ്ക്കുകയും ചെയ്യുന്ന സാഹചര്യവുമുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാനം എഗ്രിമെന്റിൽ ഏർപ്പെടുന്ന മിക്ക പ്രവൃത്തികളും സ്പിൽ ഓവറാകുന്ന സാഹചര്യമാണുള്ളത്. ഏകവർഷ പ്രൊജക്ടുകൾ മാർച്ച് 31 നകം പൂർത്തീകരിക്കപ്പെടേണ്ടതുണ്ടെന്ന കാര്യം പരിഗണിക്കപ്പെടുന്നില്ല.

(3) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ അപാകം

ഓഡിറ്റ് വർഷത്തിൽ നിർവ്വഹണം നടത്തിയ പൊതുമരാമത്ത് പ്രൊജക്ടുകളുടെ പരിശോധനയിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റിന്റെ അവിഭാജ്യ ഘടകമായ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എസ്റ്റിമേറ്റുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ എപ്രകാരം തയ്യാറാക്കണമെന്നും എന്തെല്ലാം വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കണമെന്നും 2012 ലെ പുതുക്കിയ പി.ഡബ്ള്യൂ.ഡി. മാനവലിൽ വിശദമാക്കിയിട്ടുണ്ട്. പുതിയ പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 1601.1.2(ii) ലും മെയിന്റനൻസ് പ്രവൃത്തികളുടെ കാര്യത്തിൽ സെക്ഷൻ 2601 മുതലുള്ള ഭാഗത്തും ഇക്കാര്യങ്ങൾ പ്രതിപാദിക്കുന്നു. എന്നാൽ പ്രധാനമായും റോഡുകളുടെ കാര്യത്തിൽ ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിരിക്കുന്നത്.

1) റോഡുകളുടെ ആകെ നീളവും എവിടെ ആരംഭിക്കുന്നെന്നും അവസാനിക്കുന്നെന്നുമുള്ള വിവരങ്ങൾ. ആസ്തി നമ്പർ

2) അറ്റകുറ്റപ്പണിയാണെങ്കിൽ പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിന്റെ നിലവിലെ അവസ്ഥ.

3) പുതിയ നിർമ്മിതിയാണെങ്കിൽ ഇതിന്റെ ആവശ്യകതയും ഫീസിബിലിറ്റിയും.

4) പ്രവൃത്തി നടത്താനുദ്ദേശിക്കുന്ന റോഡിൽ സമീപകാലത്ത് നടത്തിയ പ്രവൃത്തികളുടെ വിവരം, മറ്റ് സ്ഥാപനങ്ങൾ (ഉദാ: ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ) നടത്തിയ പ്രവൃത്തികളുടെ വിവരം മുതലായ വിവരങ്ങൾ

5) പുതിയ നിർമ്മിതിയാണെങ്കിൽ ആവശ്യമായ സ്ഥലം വിട്ടുകിട്ടിയതു സംബന്ധിച്ച വിവരങ്ങൾ.

6) പ്രവൃത്തി പൂർത്തീകരിക്കാനുദ്ദേശിക്കുന്ന കാലയളവ്.

7) മറ്റ് പ്രസക്തമായ കാര്യങ്ങൾ.

(4) കരാറുകാരുമായി ഏർപ്പട്ടിട്ടുള്ള എഗ്രിമെന്റിലെ ന്യൂനതകൾ

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ കരാർ ചമച്ചിട്ടുള്ളത് പുതുക്കിയ പി.ഡബ്ല്യൂ.ഡി. മാനുവലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തിയല്ലെന്നും, കരാർ പത്രത്തിലെ മിക്ക വ്യവസ്ഥകളും കാലഹരണപ്പെട്ടതാണെന്നും കണ്ടു. പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയക്രമം കരാറിൽ കൃത്യമായി പ്രതിപാദിക്കുന്നില്ല. പ്രവൃത്തികൾ നിർവ്വഹിക്കേണ്ട സ്പെസിഫിക്കേഷൻ, പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ എന്നിവ സംബന്ധിച്ച് കാലഹരണപ്പെട്ട വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

എഗ്രിമെന്റിലെ നാലാമത്തെ വ്യവസ്ഥയിൽ, പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം, പ്രവൃത്തിയുടെ ഗുണനിലവാരം, പ്രവൃത്തിയുടെ അളവുകൾ, കരാറുടമ്പടിയുടെ ഭാഗമായി വരുന്ന നിബന്ധനകൾ എന്നിവയെല്ലാം കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ഈ നിബന്ധനകൾ കരാറുകാരൻ വായിച്ച് മനസ്സിലാക്കിയിരിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2014-15 വർഷം മുതൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് (DSR) ബാധകമാക്കിയിട്ടുണ്ട്. ഇതിന്റെ ഡാറ്റാ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷനെയാണെന്ന് കാണാം. കൂടാതെ ഗ്രാമീണ റോഡുകളുടെ നിർമ്മിതിക്ക് MoRD/MoRTH സ്പെസിഫിക്കേഷനാണ് നിലവിൽ ഉപയോഗിച്ചുവരുന്നത്. ഇതിന് അനുസൃതമായി പ്രവൃത്തികൾ നിർവ്വഹിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതിന് പകരമാണ് കാലഹരണപ്പെട്ട കേരള ഡീറ്റയിൽഡ് സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ പാലിക്കണമെന്ന് വ്യവസ്ഥചെയ്തിരിക്കുന്നത്.

കരാറിന്റെ ഏഴാമത്തെ വ്യവസ്ഥ പൂർത്തീകരണ കാലതാമസത്തിനുള്ള പിഴ സംബന്ധിച്ചുള്ളതാണ്. 2012-ലെ പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വലിലെ വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുന്നതിന് പകരം കാലഹരണപ്പെട്ട മാന്വലിലെ വ്യവസ്ഥകളാണ് കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അതായത് പുതുക്കിയ മാന്വൽ പ്രകാരം കരാറുകാരന്റെ വീഴ്ചമൂലം കാലതാമസം വരുന്ന കാര്യത്തിൽ ആകെ അനുവദിച്ച സമയത്തിന്റെ 25% സമയം കൂടി PACയുടെ 1% പിഴ ഈടാക്കി ദീർഘിപ്പിക്കാവുന്നതാണ്. ഇത് മതിയാകാത്ത സന്ദർഭങ്ങളിൽ PAC യുടെ 2% പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണ്. അതായത് ഇപ്രകാരം പിഴ ചുമത്തി നിർവ്വഹണ കാലയളവിന്റെ ആകെ 50% സമയം അനുവദിക്കാവുന്നതും ഇപ്രകാരം അനുവദിക്കുന്നതിന് പൂർത്തീകരണ കാലയളവിനുമുമ്പ് തന്നെ കരാറുകാരൻ ഇതിനായി അപേക്ഷിക്കേണ്ടതുമാണ്. എന്നാൽ കരാർ പത്രങ്ങളിൽ മേൽ പറഞ്ഞ പ്രകാരമുള്ള വ്യവസ്ഥയല്ല ഉൾപ്പെടുത്തിയിട്ടുള്ളത്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ഗ്രേസ് പീരീയിഡ് അനുവദിക്കുമെന്നും (പിഴയില്ലാതെ) അതിനുശേഷം വരുന്ന മൂന്നുമാസത്തേക്ക് കരാർ തുകയുടെ ഒരു ശതമാനവും തുടർന്നുവരുന്ന ഓരോ മൂന്ന് മാസത്തേക്കും രണ്ട് ശതമാനവും നിരക്കിൽ പിഴ ഈടാക്കുന്നതാണെന്നുമാണ് കരാറിൽ വ്യവസ്ഥചെയ്തിരിക്കുന്നത്.

(5) ടാറിംഗ് പ്രവർത്തികൾക്ക് ഷ്രഡഡ്ഡ് പ്ലാസ്റ്റിക് ഉപയോഗിച്ചില്ല

തദ്ദേശഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത് വകുപ്പിന്റെയും നിയന്ത്രണത്തിലുള്ള റോഡുകൾ ടാർ ചെയ്യുമ്പോൾ നിശ്ചിത ശതമാനം ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്ലാസ്റ്റിക് പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകയാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും, കരാറുകാർക്കും, എഞ്ചിനീയർമാർക്കും ജനങ്ങളോട് ബാധ്യത നിറവേറ്റേണ്ടതുണ്ടെന്നും, ഇത് കണക്കിലെടുത്ത് എല്ലാ ടാറിംഗ് പ്രവൃത്തികളിലും Shredded Plastic ഉപയോഗപ്പെടുത്തേണ്ടതാണെന്നും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 05.12.2018-ലെ ഡി.ബി3-4620/2012/സി.ഇ./തസ്വഭവ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുള്ളതാണ്. Shredded Plastic ഉപയോഗിക്കേണ്ടതിന്റെ സ്പെസിഫിക്കേഷൻ PRICE Software-ൽ ലഭ്യമാണ്. എന്നാൽ പഞ്ചായത്ത് ഏറ്റെടുത്തു നടത്തിയിട്ടുള്ള റോഡ് ടാറിംഗ് പ്രവൃത്തികളിലൊന്നും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ചിട്ടില്ല.

(6) കരാറുകാരിൽനിന്നും സെൽഫ് ഡിക്ലറേഷൻ ഫാറം വാങ്ങാതെ ജി .എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/തസ്വഭവ പ്രകാരം ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ഫിൻ പ്രകാരം ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. 01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017 /തസ്വഭവ ഉത്തരവിന്റെ തുടർ ഉത്തരവായി 29.09.2018 ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം. 2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. 2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തികൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.16/17.10.2022) അസി.എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയങ്ങളിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു. ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(7) ഇ-ടെണ്ടർ ആവശ്യത്തിന് പ്രത്യേക അക്കൗണ്ട് തുറന്നില്ല

ഇ-ടെണ്ടർ ആവശ്യത്തിനായി അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗം മേധാവികളും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ (SBI) ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറണ്ട് അക്കൗണ്ട് തുടങ്ങേണ്ടതാണെന്നും, ടി അക്കൗണ്ട് ഈ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ പാടില്ലെന്നും എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡിബി1/7942/2010/സിഇ/തസ്വഭവ നമ്പർ

സർക്കുലർ പ്രകാരം നിർദ്ദേശിച്ചിരുന്നു. എന്നാൽ തുമ്പമൺ ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ ആവശ്യത്തിനായി അസി.എഞ്ചിനീയറുടെ പേരിൽ പ്രത്യേക അക്കൗണ്ട് ആരംഭിച്ചിട്ടില്ല. പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള എസ്.ബി.ഐ. അക്കൗണ്ടിലൂടെയാണ് പഞ്ചായത്തിലെ ഇ-ടെണ്ടർ ഇടപാടുകൾ നടത്തുന്നത്. സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ട് ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിന് നിലവിൽ അനുമതിയില്ല. ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ട് തുറക്കേണ്ടതാണ്.

## 1-22 സംസ്കരിക്കാൻ മാലിന്യവുമില്ല, പരിപാലിക്കാൻ ചുമതലക്കാരുമില്ല; എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് ഉപേക്ഷിച്ച നിലയിൽ

പഞ്ചായത്തിലെ 5-ാം വാർഡിൽ മാമ്പിലാലി ജനകീയ ഹോട്ടലിന് സമീപം ഗ്രാമപഞ്ചായത്ത് വക സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള തുമ്പൂർമൂഴി മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നില്ല. പഞ്ചായത്തിന്റെ 2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ചാണ് രണ്ട് കമ്പോസ്റ്റ് ബിന്നുകളും ഷെഡ്ഡും നിർമ്മിച്ചിട്ടുള്ളത്. നിർമ്മിതി കേന്ദ്രം മുഖാന്തിരം നടപ്പിലാക്കിയ പദ്ധതിയ്ക്ക് 2 ലക്ഷം രൂപ ചെലവഴിച്ചു. സ്ഥാപിക്കപ്പെട്ട കമ്പോസ്റ്റ് സംവിധാനത്തിന്റെ ദൈനംദിന പരിപാലനം സർക്കാർ അംഗീകൃത സേവന ദാതാക്കൾ മുഖാന്തിരമോ ഹരിത കർമ്മ സേനാംഗങ്ങളെ ഉപയോഗപ്പെടുത്തിയോ നടത്തേണ്ടതാണെന്നുള്ള നിബന്ധനയ്ക്ക് വിധേയമായാണ് ശുചിത്വമിഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയത്. എന്നാൽ കമ്പോസ്റ്റ് യൂണിറ്റിന്റെ തുടർ പരിപാലനത്തിനുള്ള ക്രമീകരണങ്ങൾ ചെയ്യുന്നതിനോ, പ്ലാന്റിന്റെ പ്രവർത്തനം നിരീക്ഷിക്കുന്നതിനോ അധികൃതർ ശ്രദ്ധിച്ചിട്ടില്ല. പ്ലാന്റിന്റെ പരിപാലന ചുമതല ഹരിതകർമ്മ സേനയെ ഏൽപ്പിച്ചിട്ടില്ല.



ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ മാലിന്യ സംസ്കരണ പ്ലാന്റിൽ മാലിന്യ സംസ്കരണം നടക്കുന്നില്ലെന്ന് കണ്ടു. സംസ്കരിക്കാൻ തക്ക അളവിൽ ജൈവ മാലിന്യം ഉല്പാദിപ്പിക്കുന്ന മാർക്കറ്റോ, വ്യാപാര സ്ഥാപനങ്ങളോ ഇല്ലാത്ത ഒറ്റപ്പെട്ട സ്ഥലത്ത് ഇപ്രകാരമൊരു മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിച്ചതിൽ പൊതു താല്പര്യമില്ല. മാലിന്യം സംസ്കരിക്കുന്നതിന് സ്ഥാപിച്ച പ്ലാന്റ് പ്രവർത്തിപ്പിക്കാതിരിക്കുന്നത് ഇത് സ്ഥാപിക്കുന്നതിന് ചെലവഴിച്ച പണത്തിന്റെ ദുർവിനിയോഗത്തിന് തുല്യമാണ്. ഹരിതകർമ്മ സേനയുടെ ചുമതലയിൽ പ്ലാന്റ് പ്രവർത്തിപ്പിക്കുന്നതിനുള്ള സാധ്യതകൾ പഞ്ചായത്ത് ആരായേണ്ടതാണ്.

## 1-23 ഉപയോഗശൂന്യമായ മെതിയന്ത്രം ലേലം ചെയ്ത് കൈയ്യൊഴിച്ചില്ല

പഞ്ചായത്ത് വക മെതിയന്ത്രം കൃഷിഭവൻ പരിസരത്ത് കിടന്ന് തുരുമ്പെടുത്ത് നശിക്കുന്നു. ഗ്രാമപഞ്ചായത്ത് 1999-2000 സാമ്പത്തിക വർഷം ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവല്ല അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ നിന്നും 75500 രൂപ ചെലവഴിച്ച് വാങ്ങിയ മെതിയന്ത്രമാണ് ഉപയോഗശൂന്യമായി നശിക്കുന്നത്. പഞ്ചായത്തിലെ നെൽ കർഷകർ നിലത്തിന്റെ വിസ്തീർണ്ണമനുസരിച്ച് മെതിയെന്ത്രത്തിന്റെ വാടക കൃഷിഭവനിൽ ഒടുക്കി ഓപ്പറേറ്ററുടെ ചുമതലയിൽ കൃഷി സ്ഥലത്ത് എത്തിച്ച് പ്രവർത്തിപ്പിക്കുന്നതിനായിരുന്നു പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. യന്ത്രം വാടകയ്ക്ക് നൽകുന്നതിനുള്ള നിബന്ധനകൾ അടങ്ങിയ മാർഗ്ഗരേഖ പഞ്ചായത്ത് കമ്മിറ്റി തയ്യാറാക്കി കൃഷി ഭവന് ലഭ്യമാക്കിയിരുന്നു (26.03.01 ലെ 2(e) നമ്പർ തീരുമാനം). ഇതിൻ പ്രകാരം മെതിയെന്ത്രത്തിന്റെ സൂക്ഷിപ്പിന്റെയും, മെയിന്റെനൻസിന്റെയും പൂർണ്ണ ചുമതല കൃഷി ഓഫീസർക്കായിരുന്നു. എന്നാൽ ഈ മെതിയന്ത്രം പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന പ്രകാരം നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. നിലവിൽ പ്രവർത്തന രഹിതമായ ഈ യന്ത്രം കൃഷി ഓഫീസിന്റെ സ്ഥലം അപഹരിച്ചുകൊണ്ട് പതിറ്റാണ്ടുകളായി അവിടെ നിലകൊള്ളുകയാണ്. പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ട ഈ യന്ത്രം നിലവിൽ റിപ്പയർ ചെയ്ത് ഉപയോഗപ്പെടുത്താവുന്ന അവസ്ഥയിലല്ല. ഉപയോഗ ശൂന്യമായ ഈ യന്ത്രം കൈയ്യൊഴിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ

നിർദ്ദേശിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് യാതൊരു നടപടിയും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. മെതിയന്ത്രം ലേലം ചെയ്ത് കൈയ്യൊഴിക്കുന്നതിന് പഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-24 വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ

അടങ്കൽ - 130000 (മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് - 130000

വിട്ടു കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവിനായി 2021-22 വർഷം 130000 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക സ്ഥാപനങ്ങൾ ക്രമീകരിച്ചതിന്റെ രേഖകൾ/വൗച്ചറുകൾ അതാതു സ്ഥാപനങ്ങളിൽനിന്ന് ലഭ്യമാക്കി പ്രോജക്റ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൃഷി ഓഫീസിന് 40000 രൂപ നൽകിയിട്ടുള്ളതിൽ 35583 രൂപ ചെലവഴിച്ചിട്ടുള്ളതായി ടി സ്ഥാപനം ഓഡിറ്റിൽ ഹാജരാക്കിയ ഫയലുകളും വൗച്ചറുകളും പരിശോധിച്ചതിൽ വ്യക്തമാകുന്നു. കൃഷി ഓഫീസിന്റെ അക്കൗണ്ടിൽ 4417 രൂപ അവശേഷിക്കുന്നുണ്ട്. ആയത് തിരികെ ഈടാക്കേണ്ടതാണ്.

## 1-25 വനിതാഘടക പദ്ധതി- മാർഗ്ഗരേഖയ്ക്ക് അനുസൃതമായി പദ്ധതി നടപ്പിലാക്കേണ്ടതാണ്

വനിതകളുടെ സാമൂഹ്യ – സാമ്പത്തിക പദവി ഉയർത്തുന്നതിന് ഒരു വനിതാ ഘടകപദ്ധതി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും തയ്യാറാക്കേണ്ടതാണെന്ന് പദ്ധതി രൂപീകരണ മാർഗ്ഗരേഖയിലെ [സ.ഉ.(കൈ) നം.11/2018തീയതി 29.01.2018] ഖണ്ഡിക6.3നിഷ്കർഷിക്കുന്നു. സ്ത്രീകളുടെ തൊഴിലും വരുമാനവും സാമൂഹ്യ പദവിയും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളായിരിക്കണം വനിതാ ഘടക പദ്ധതിയിൽ ലക്ഷ്യമിടേണ്ടത്. അതുപോലെ വനിതകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകൾ വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് സ്പഷ്ടീകരണം ഉണ്ട്. എന്നാൽ തൻവർഷം വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി(ജനറൽ, എസ്.സി.പി), കിടാരി വളർത്തൽ(ജനറൽ, എസ്.സി.പി), ശുചിത്വ കാലിത്തൊഴുത്ത് നിർമ്മാണം(ജനറൽ, എസ്.സി.പി) എന്നീ പദ്ധതികളിൽ പ്രസ്തുത നിർദേശം പാലിക്കപ്പെടുന്നില്ല. ഗ്രാമപ്പഞ്ചായത്തിലെ മുഴുവൻ ക്ഷീരകർഷകർക്കും ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതിയാണ് ഇപ്രകാരം വനിതാ ഘടക പദ്ധതി എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. വനിതാ ഘടക പദ്ധതി ആവിഷ്കരിക്കുമ്പോൾ സർക്കാരിന്റെ നിർദ്ദേശം പാലിച്ചുമാത്രം നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിവരങ്ങളടങ്ങിയ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും മുടക്കം കൂടാതെ നൽകുന്നതിന് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ തുക മാറ്റി വെക്കേണ്ടതാണെന്നും സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരായ കുട്ടികളുടെ വിവരങ്ങൾ ഐ.സി.ഡി.എസ്/സി.ഡി.പി.ഓ മുഖേന എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കും കൈമാറേണ്ടതാണെന്നും തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 25-01-2019 തീയതിയിലെ ഡി.എ 01/19/2019ത.സ്വ.ഭ.വനമ്പർ സർക്കുലർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പിന്റെ 29-06-20 തീയതിയിലെ ഡി.എ 01/192/2019 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം ടി വിഭാഗത്തിലെ കുട്ടികൾക്ക് 28500 രൂപ അതാത് പഞ്ചായത്തിൽ നിന്നും ലഭിക്കാൻ അർഹതയുണ്ടെന്നും എല്ലാ പഞ്ചായത്തുകളും ഫണ്ട് വകയിരുത്തുന്നുണ്ടോ എന്നും ടി പ്രൊജക്റ്റ് നടപ്പിലാക്കുന്നുണ്ടോ എന്നും ഐ.സി.ഡി.എസ്/ സി.ഡി.പി.ഓ സൂപ്പർവൈസർമാർ ഉറപ്പ് വരുത്തേണ്ടതുമാണെന്നും സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ഡി.സി സൂപ്പർവൈസർ അത്തരമൊരു രജിസ്റ്റർ തയ്യാറാക്കി പഞ്ചായത്തിനു സമർപ്പിച്ചിട്ടില്ല.

പഞ്ചായത്തിനു കീഴിൽ വരുന്ന ഭിന്നശേഷിക്കാരായ കുട്ടികളുടെ വിവരങ്ങൾ (പേര്, പ്രായം, ഭിന്നശേഷിത്വം, ശതമാനം, പഠിക്കുന്ന സ്കൂൾ ) എഴുതി സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ എല്ലാ വർഷവും അപ്ഡേറ്റ് ചെയ്യേണ്ടതും സമയബന്ധിതമായി വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-27 അങ്കണവാടിക്കെട്ടിടങ്ങൾക്ക് പഞ്ചായത്തിൽനിന്ന് വാടക നൽകുന്നില്ല

ഗ്രാമപ്പഞ്ചായത്തിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മൂന്ന് അങ്കണവാടികളുണ്ട്. വാടക നൽകാൻ സാമൂഹ്യനീതി വകുപ്പിൽനിന്ന് പ്രതിമാസം 1000രൂപ അനുവദിച്ചിട്ടുണ്ട്. 67, 68, 73നമ്പർ അങ്കണവാടികൾക്ക് സാമൂഹ്യനീതി വകുപ്പിൽനിന്ന് അനുവദിച്ചതിലും ഉയർന്ന നിരക്കിലുള്ള വാടക കൊടുക്കേണ്ടിവരുന്നു. സർക്കാർ നൽകുന്ന തുക അപര്യാപ്തമായതിനാൽ അധികം വേണ്ടിവരുന്ന തുക അതത് അങ്കണവാടികളിലെ വർക്കർമാർ തന്നെ വഹിക്കുകയാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളെ സംബന്ധിച്ചിടത്തോളം, കേന്ദ്ര സർക്കാരിൽനിന്ന്

ലഭിക്കുന്ന വാടകയും യഥാർത്ഥ വാടകയും തമ്മിലുള്ള വ്യത്യാസം ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനം വഹിക്കേണ്ടതാണ് എന്ന് അങ്കണവാടിക്കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം എന്നിവ സംബന്ധിച്ച സർക്കുലർ നമ്പർ 31055/DC2/2011/ത.സ്വ.ഭ.വ തീയതി 22.03.2011 യിൽ നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനാവശ്യമായ തുക വാർഷിക പദ്ധതിയുടെ ഭാഗമായി കണ്ടെത്തേണ്ടതാണെന്നും ഇതിന് വികസനഫണ്ട്, റോഡിതര മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഫണ്ട്, തനത് ഫണ്ട് എന്നിവ അതത് ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കാവുന്നതുമാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറയുന്നു.

എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കും എന്ന നിശ്ചയ ദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണെന്ന് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെടുത്തുന്നു. ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖ അനുശാസിക്കുന്നു. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പപദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഭരണസമിതിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-28 കുട്ടികൾക്കുള്ള ഫണ്ട് വകമാറ്റി ചെലവഴിച്ചു

പതിമൂന്നാം പഞ്ചവൽത്സര പദ്ധതിയിലെ അവശേഷിക്കുന്ന വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ (കൈ) നം. 11/2018/ തസ്വഭവ. തീയതി 29-01-2018 ഖണ്ഡിക 5.4.1(11) പ്രകാരം ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5%, കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ് ജൻഡേഴ്സ് എന്നിവരുടെ വികസനത്തിനും കുറഞ്ഞത് 5% വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റിവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം. ടി തുക അങ്കണവാടി പോഷകാഹാര വിതരണം, എസ്. എസ്.എ/ ആർ.എം.എസ്.എ പ്രൊജക്ട് വിഹിതങ്ങൾ, ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ മുതലായവക്ക് വിഹിതം കണ്ടെത്തുന്നതിന് ഉപയോഗിക്കാൻ പാടില്ല. ടി തുക കുട്ടികളുടെ കലാ, കായിക, മാനസിക, സാംസ്കാരിക പങ്കാളിത്ത വികസനം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടത്തി വരുന്ന ബാല പഞ്ചായത്ത്, ബാലസഭ മുതലായവ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, കുടുംബശ്രീ മാനദണ്ഡങ്ങൾക്ക് വിധേയമായി കുട്ടികൾക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ബാല പഞ്ചായത്ത്, ബാലസഭ മുതലായവയുടെ പ്രവർത്തനങ്ങൾ എന്നിവക്കായി വിനിയോഗിക്കാവുന്നതാണ്.

എന്നാൽ ടി തുക അങ്കണവാടി പോഷകാഹാര വിതരണത്തിനായി (അനുപൂരക പോഷകാഹാര പദ്ധതി ജനറൽ & എസ്.സി.പി) വക മാറ്റി ചെലവഴിച്ചതായി കാണുന്നു. ആയതിന് വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി.നം.10/14-10-22) കോവിഡ് മഹാമാരി സംഹാരതാണ്ഡവമാടിയിരുന്ന സാഹചര്യത്തിൽ ബാലപഞ്ചായത്ത്, ബാലസഭ തുടങ്ങിയ പ്രൊജക്ടുകൾ ഏറ്റെടുക്കുവാൻ കഴിയുമായിരുന്നില്ല എന്നും മുൻവർഷങ്ങളിലും 2022-23 സാമ്പത്തിക വർഷങ്ങളിലും ബാലപഞ്ചായത്ത്, ബാലസഭ തുടങ്ങിയ പ്രൊജക്ടുകൾ ഏറ്റെടുത്തിട്ടുള്ളതാണെന്നും ജനം കൂട്ടം ചേരുന്നത് സർക്കാർ നിരോധിച്ചതിനാലാണ് തൽ വർഷം ഇത്തരം പ്രൊജക്ടുകൾ ഉപേക്ഷിച്ച് അങ്കണവാടി പൂരക പോഷകാഹാര പ്രോജക്ടുകളിൽ വകയിരുത്തിയത് എന്നും സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ഹോമിയോ മരുന്ന് വാങ്ങൽ; ഹോംകോയിൽനിന്നും മരുന്ന് പൂർണ്ണമായും ലഭിച്ചില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടായ ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പ്രോജക്ടിന്റെ ഭാഗമായി 200000 രൂപ ഹോമിയോ മരുന്നുകൾ സപ്ലൈ ചെയ്യുന്നതിനായി 09.08.21-ൽ HOMCO-യ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ രണ്ട് തവണകളായി 120823 രൂപയുടെ മരുന്ന് മാത്രമാണ് ഹോകോം സപ്ലൈ ചെയ്തിട്ടുള്ളതെന്ന് കണ്ടു (02.04.22 -ൽ 55950 രൂപയുടെയും, 27.06.22-ൽ 64873 രൂപയുടെയും മരുന്ന് ലഭിച്ചിട്ടുണ്ട്). തുക മുൻകൂർ നൽകി ഒരു വർഷം പിന്നിട്ടിട്ടും 79177 രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. അവശേഷിച്ച തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 മരുന്നുകൾ പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന്

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- ഡി.സി.സിയിലേക്ക് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ മറ്റ് അത്യാവശ്യ സാധനങ്ങൾ എന്നിവ വാങ്ങുന്നതിന് പഞ്ചാബ് നാഷണൽ ബാങ്കിന്റെ തിരുവനന്തപുരം ബ്രാഞ്ചിൽ 3624001800000019 നം. അക്കൌണ്ടിലേക്ക് 24-05-21 തീയതിയിൽ 50000 രൂപ നൽകിയിരുന്നെങ്കിലും (കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- ഡി.സി.സിയിലേക്ക് ആവശ്യമായ മരുന്നിന് 25000) 11565 രൂപയുടെ മരുന്ന മാത്രമേ നാളിതുവരെ ലഭിച്ചിട്ടുള്ളൂ. മരുന്ന ലഭ്യമായതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നം | അടങ്കൽ തുക | ബിൽ നം/ തീയതി | മരുന്ന ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|
| കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ- ഡി.സി.സിയിലേക്ക് ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ മറ്റ് അത്യാവശ്യ സാധനങ്ങൾ വാങ്ങൽ | 50000 (25000 ഉപകരണങ്ങൾ ) 25000 (മരുന്ന് ) | 9119/ 23-08-22 | 5228 | 13435 |
| | | 12683/30-09-22 | 6337 | |

നിർധനരായ രോഗികൾക്ക് ആശ്വാസമാകേണ്ട ആരോഗ്യ കേന്ദ്രങ്ങൾക്ക് യഥാസമയം മരുന്നുകൾ ലഭ്യമാക്കാത്തത് ഗൗരവതരമായി വീക്ഷിക്കേണ്ട വസ്തുതയാണ്. ഈ വിഷയത്തിൽ ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റി അടിയന്തിരമായി ഇടപെടേണ്ടതും ലഭ്യമാകുവാൻ അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-31 കേരള വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്ത തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

അങ്കണവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതിയുടെ ഭാഗമായി 2020-21 സാമ്പത്തിക വർഷം 4 ലക്ഷം രൂപ കേരള വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം ചെലവാകാതെ അവശേഷിച്ച 85600 രൂപയുൾപ്പെടെ 88303 രൂപ 23.02.22-ലെ 227031 നമ്പർ ചെക്ക് പ്രകാരം വാട്ടർ അതോറിറ്റി പഞ്ചായത്തിന് മടക്കി നൽകി. ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. വികസന ഫണ്ട് ഇനത്തിലുള്ള ഈ തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ച് വകമാറ്റി ചെലവഴിക്കാവുന്നതല്ല.

തദ്ദേശഭരണ സ്ഥാപനങ്ങൾ കുടിവെള്ള/വൈദ്യുതീകരണ പ്രോജക്ടുകളുടെ ഭാഗമായി ഡെപ്പോസിറ്റ് ചെയ്യുന്ന തുകയിൽ സേവിംഗ്സ് വരുന്ന തുക അതതു മേഖലയിൽ തന്നെ അതേ ഏജൻസിയോക്കൊണ്ട് മറ്റു പ്രോജക്ടുകൾ നടപ്പാക്കാൻ വിനിയോഗിക്കുന്നതിന് സർക്കാർ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (സ.ഉ.(സാധാ)നം.2077/2019 /തസ്വഭവ., തീ. 25.09.2019). ഈ സാഹചര്യത്തിൽ വാട്ടർ അതോറിറ്റി റീഫണ്ട് ചെയ്ത തുക സർക്കാർ ഉത്തരവിന് അനുസൃതമായി വിനിയോഗിക്കുകയോ, അല്ലാത്ത പക്ഷം സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര്/ നം | വിനിയോഗിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 52500 | നെൽകൃഷി വികസനം എസ്.സി.പി 22/21-22 | 52500 | 0 |
| | | 120000 | നെൽകൃഷി വികസനം 25/21-22 | 120000 | 0 |
| | | 366600 | ലൈഫ് ഭവന പദ്ധതി (എസ്.സി.പി ) 21/21-22 | 366600 | 0 |
| | | 124400 | അനുപൂരക പോഷകാഹാര പരിപാടി (ജനറൽ) 60/21-22 | 124400 | 0 |
| | | 100000 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 62/21-22 | 100000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി ജനറൽ, വനിത 36/21-22 | 200000 | 0 |
| | | 200000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ജനറൽ /21-22 | 200000 | 0 |
| | | 100000 | ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി (എസ്.സി.പി )37/21-22 | 100000 | 0 |
| | | 97641 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, ജനറൽ 39/21-22 | 97641 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 100000 | സ്നേഹസാന്ത്വനം- സാന്ത്വന പരിചരണ പദ്ധതി 27/21-22 | 100000 | 0 |
| | | 100000 | അനുപൂരക പോഷകാഹാര പരിപാടി (ജനറൽ) 60/21-22 | 100000 | 0 |
| | | 182800 | മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് 62/21-22 | 182800 | 0 |
| | | 50000 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ - ഡോമിസിലിയറി കെയർ സെന്റർ പരിപാലിക്കൽ 65/21-22 | 50000 | 0 |
| | | 50000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി, ജനറൽ 39/21-22 | 50000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KWA | അംഗണവാടികൾക്ക് കുടിവെള്ള കണക്ഷൻ നൽകൽ | 400000 | 314400 | 85600 |
| KWA | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ ഒന്നാം ഘട്ടം | 263608 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 263608 |

| | | | | |
|---|---|---|---|---|
| KWA | കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ രണ്ടാം ഘട്ടം | 463573 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 463573 |
| ANERT | വിട്ടുകിട്ടിയ സ്ഥാപനത്തിൽ സോളാർ പാനൽ സ്ഥാപിക്കൽ | 432300 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 432300 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പാ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറിയുടെ വിവരങ്ങൾ

| ക്രമ നം | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയതി |
|---|---|---|---|---|---|
| 1 | 2020-21 | - | 4000 | ജിജി ജഗന്നാഥൻ<br>വെറ്ററനറി സർജൻ | 1210400372 /24.03.2022 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 42454978 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39127306 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും ഏറ്റവും ഒടുവിൽ പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി3-658/01 തീയതി: 25.03.02 | - |
| 2001-02 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2-624/03 തീയതി: 08.01.04/05.05.04 | 10(2) |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ/പി4-385/06 തീയതി: 16.09.06/05.02.07 | 2-9 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി4-122/08 തീയതി:09.10.09/20.01.09 | 3-7, 3-10, 3-11, 3-12 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി7-786/09 തീയതി: 28.08.11 | 3-8, 3-20 |
| 2007-08 | എൽ.എഫ്.പി.റ്റി.എ/പി-7-202/10 തീയതി: 04.10.10 | 3-6, 3-8, 3-14, 3-15 |
| 2008-09 | എൽ.എഫ്.പി.റ്റി.എ/പി-5-762/10 തീയതി: 16.08.11 | (3-9, 3-11, 3-13, 3-15, 3-16, 3-17) |
| 2009-10 | എൽ.എഫ്.പി.റ്റി.എ/പി-5-201/11 തീയതി: 06.11.11/04.12.12 | 3-4, 3-8, 3-9, 3-11 |
| 2010-11 | എൽ.എഫ്.പി.റ്റി.എ/പി5-113/12 തീയതി: 15.03.12/24.04.12 | 3-10(2)(3) |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ/പി11-48/14 തീയതി: 08.04.14/10.11.14 | 3-4(1) |
| 2013-14 | എൽ.എഫ്.പി.റ്റി.എ/പി6-421/15 തീയതി: 08.06.15 | 2-4, 3-2(2), 3-6, 3-9 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ/പി12/848/16 തീയതി: 26.07.16 | 2-1, 3-1, 3-8, 3-9 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ /പി11/1360/16 തീയതി: 09.12.16 | 3-8, 3-10 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ /പി11/1384/18 തീയതി: 24.10.2018 | 2-3, 3-4, 3-5 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.11/623/2019 തീയതി: 16.08.2019 | 1-12, 2-1, 2-2, 2-3, 2-4, 2-5, 3-3, 3-5, 3-6, 3-10, 4-10, 4-11 |
| 2019-20 | കെ.എസ്.എ.പി.ടി.എ.പി.11/230/2021 തീയതി: 09.04.2021 | 1-17, 4-3, 4-10, 4-11 |
| 2020-21 | കെ.എസ്.എ.പി.റ്റി.എ.പി11/340/2022 11/05/2022 | മുഴുവൻ ഖണ്ഡികകളും |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്